# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

07.08.2017 — ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 12

## റേഷൻ കാർഡ് വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ<br>,, ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ കാർഡ് വിതരണം പൂർത്തിയായോ എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് മൊത്തമുള്ള 80,18,030 കാർഡുകളിൽ 67,37,978 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) റേഷൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് കിട്ടിയ അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ; | (ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണം എന്ന് ആവശ്യപ്പെട്ട് 5,14,103 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ വിശദമായി പരിശോധിക്കുന്നതിലേയ്ക്കായി താലൂക്ക് സപ്ലൈ ഓഫീസ് തലത്തിലും റേഷൻകട തലത്തിലും ക്രോഡീകരിക്കുന്ന നടപടികൾ നടന്നുവരുന്നു. |
| (സി) അരിവില ക്രമാതീതമായി ഉയരുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ? | (സി) നിലവിൽ പൊതുവിപണിയിൽ അരിക്ക് വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വർഷാരംഭത്തിൽ 'ജയ' ബ്രാന്റിലുള്ള അരിയുടെ മാത്രം വില ഗണ്യമായ രീതിയിൽ വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ഭക്ഷ്യധാന്യ വ്യാപാരികളുടെ യോഗം ജനുവരിയിൽ വിളിച്ച് വില വർദ്ധനവിനുണ്ടായ സാഹചര്യങ്ങൾ അവലോകനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ കളക്ടർമാർ ഭക്ഷ്യധാന്യ വ്യാപാരികളുമായി ചർച്ച ചെയ്യുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇടപെടൽ മുഖേന ഏപ്രിൽ മാസത്തോടെ 'ജയ' ബ്രാന്റ് അരിയുടെ വില സാധാരണ വിലയിൽ എത്തിയിട്ടുണ്ട്. കൂടാതെ സപ്ലൈകോ മുഖാന്തിരം ശക്തമായ വിപണി ഇടപെടൽ നടത്തുകയും കൺസ്യൂമർ ഫെഡ് അരിക്കടകൾ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുകയും ചെയ്തു. 2017 ഓണത്തിനോടനുബന്ധിച്ച് അരി മറ്റ് പയറുവർഗ്ഗങ്ങൾ എന്നിവ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുവേണ്ടി ആന്ധ്ര സർക്കാരുമായി നേരിട്ട് കരാറിൽ ഏർപ്പെടുന്നതിന് മന്ത്രിതല ചർച്ച നടത്തുകയും ആയതിനുള്ള തുടർനടപടികൾ സപ്ലൈകോ വഴി സ്വീകരിച്ച് വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

ശരിപ്പകർപ്പ്

| District | Total no of ARDS | Total No. of Cards | Total No.of Ration Cards Distributed till day | | | | | |
|---|---|---|---|---|---|---|---|---|
| | | | No.of ARDs | AAY | PHH | NP(S) | NP(NS) | Total |
| TVPM | 311490 | 245185 | 1843 | 55309 | 311490 | 247028 | 149182 | 763009 |
| Kollam | 246070 | 219036 | 1421 | 47619 | 246070 | 219036 | 131077 | 643802 |
| Alappuzha | 159588 | 173566 | 1241 | 37266 | 159588 | 174807 | 101878 | 473539 |
| Pathanamthitt | 95057 | 110436 | 832 | 23645 | 95057 | 110436 | 80409 | 309547 |
| Kottayam | 144490 | 147089 | 975 | 34656 | 144490 | 147089 | 126630 | 452865 |
| Idukki | 64784 | 43749 | 432 | 16655 | 64784 | 43749 | 26387 | 151575 |
| Eranakulam | 193980 | 253701 | 1269 | 30679 | 193980 | 253701 | 154563 | 632923 |
| Thrissur | 211691 | 247286 | 1120 | 44093 | 211691 | 247286 | 134259 | 637329 |
| Palakkad | 207646 | 169727 | 767 | 32975 | 207646 | 169727 | 85722 | 496070 |
| Malappuram | 302973 | 307328 | 1211 | 49518 | 302973 | 307328 | 103288 | 763107 |
| Kozhikkode | 238075 | 243447 | 948 | 37090 | 238075 | 243447 | 117721 | 636333 |
| Wayanadu | 50410 | 60662 | 314 | 43696 | 50410 | 60662 | 27496 | 182264 |
| Kannur | 139233 | 212492 | 785 | 30766 | 139233 | 212492 | 108008 | 490499 |
| Kasaragod | 36944 | 37324 | 181 | 10620 | 36944 | 37324 | 20228 | 105116 |
| **Total** | **2402431** | **2471028** | **13339** | **494587** | **2402431** | **2474112** | **1366848** | **6737978** |

സെക്ഷൻ ഓഫീസർ